**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **17-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ യൂണിഫോം നെയ്ത്ത് തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ യൂണിഫോം നെയ്ത്ത് തൊഴിലാളികൾക്ക് കൂലിയിനത്തിൽ കോടികൾ നല്കാനുണ്ടെന്നത് നിലവിലെ സർക്കാർ സഗൗരവം പരിഗണിക്കുമോ; കൂലിയിനത്തിൽ എത്ര തുകയാണ് കുടിശ്ശിക നൽകാൻ ഉള്ളതെന്നത് വ്യക്തമാക്കുമോ; കുടിശ്ശിക കൂലി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നെയ്ത്തു കൂലി കുടിശ്ശിക സർക്കാർ ഗൗരവമായി പരിഗണിക്കുകയും, അതു അനുവദിച്ചു നൽകുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപെട്ടു നിലവിൽ 2025 മേയ് മാസം വരെയുള്ള നെയ്ത്തു കൂലി തൊഴിലാളികൾക്ക് പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ഓണത്തോടനുബന്ധിച്ചു മൂന്ന് മാസത്തെ കൂലിയിനത്തിൽ 15,00,34,429/-(പതിനഞ്ച് കോടി മുപ്പത്തിനാലായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത്) രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. തുടർന്നുള്ള മൂന്ന് മാസ (ജൂൺ, ജൂലൈ, ഓഗസ്റ്റ്)ത്തെ കൂലി ഇനത്തിൽ നിലവിൽ 13 കോടി രൂപ അനുവദിച്ചു നല്കുവാനുണ്ട്.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി വിഹിതത്തിൽ റിലീസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്കൂൾ യൂണിഫോം നെയ്യുന്നതിനായി നൂൽ നൽകാത്തതിനാലും രൂപമാറ്റം വരുത്തിയ തറികളിൽ മറ്റൊരു നെയ്ത്തും നടത്താനാവാത്തതിനാലും തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നതു ഗൗരവത്തോടെ കാണുന്നുണ്ടോ; പരിഹാര നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളിൽ ഒന്നായ കൈത്തറി സ്കൂൾ യൂണി ഫോം പദ്ധതിയ്ക്ക് ആവശ്യമായ നൂൽ നിർമ്മിച്ച് നൽകുന്നത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളാണ്. ഈ പദ്ധതിയിലേയ്ക്ക് നൂൽ നൽകുന്ന മില്ലുകൾക്ക് അവർ ഉൽപ്പാദിപ്പിയ്ക്കുന്ന നൂലിന്റെ കമ്പോള വിലയേക്കാൾ ഉയർന്ന വില ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപെട്ടു സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന നൂൽ എൻ.എച്ച്.ഡി.സി (National Handloom Development Corporation) വഴി ആണ് |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നത്. മൂന്ന് മാസത്തെ നെയ്ത്തിന് ആവശ്യമായ നൂൽ മുൻകൂറായി വിതരണം നടത്തുന്നതിനുള്ള നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്. ആയതു പ്രകാരം ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ നെയ്ത്തിനുള്ള നൂൽ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള മൂന്ന് മാസങ്ങൾക്കുള്ള നൂൽ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | വിവിധ നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ഹാന്റക്സ് നൽകാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഹാന്റക്സിൽ നിന്നും വിവിധ നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ജനറൽ ഇനത്തിൽ 28,37,21,989.75(ഇരുപത്തി എട്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ എഴുപത്തിയഞ്ച് പൈസ) രൂപയും, പ്രീമിയം ഇനത്തിൽ 2,66,38,926.73 (രണ്ട് കോടി അറുപത്തി ആറ് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തി ആറ് രൂപ എഴുപത്തിമൂന്ന് പൈസ) രൂപയും നൽകുവാനുണ്ട്. അംഗസംഘങ്ങൾക്ക് നൽകുവാനുള്ള തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി ഹാന്റക്സ് സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ അംഗസംഘങ്ങൾക്ക് ജനറൽ ഇനത്തിൽ 2,12,76,807/- (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി എണ്ണൂറ്റി ഏഴ്) രൂപയും പ്രീമിയം ഇനത്തിൽ 30,84,998/-(മുപ്പത് ലക്ഷത്തി എൺപത്തി നാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട്) രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതക്കനുസരിച്ച് ബാക്കി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ